ചിറ്റാർ പഞ്ചായത്ത്:

7. വാർഡ് 1

8. വാർഡ് 2

പഴവങ്ങാടി പഞ്ചായത്ത്:

9. വാർഡ് 2

മൈലപ്ര പഞ്ചായത്ത്:

10. വാർഡ് 1, 8

അരുവപ്പുലം പഞ്ചായത്ത്:

11. വാർഡ് 6

മല്ലപ്പുഴശ്ശേരി പഞ്ചായത്ത്:

12. വാർഡ് 2

13. വാർഡ് 7

14. വാർഡ് 8

(സി) ഇതിൽ ലോകബാങ്കിന്റെ സഹായത്തോടെയുള്ള പദ്ധതികൾ ഒന്നും തന്നെ ഇല്ല.

മത്സ്യത്തൊഴിലാളി പെൻഷൻ

92 [255] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി പെൻഷൻ വകയിൽ സംസ്ഥാന ബജറ്റിൽ എത്ര തുക വകയിരുത്തിയിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മാസത്തെ കുടിശ്ശിക ഇതിനകം അനുവദിച്ചുവെന്നും ഇനി എത്ര മാസത്തെ പെൻഷൻ തുക കുടിശ്ശികയായുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൂന്നു കോടി രൂപ.

(ബി) 2002 നവംബർ മുതൽ 2003 ജൂലൈ വരെയുള്ള 9 മാസത്തെ കുടിശ്ശിക ഏപ്രിലിൽ വിതരണം ചെയ്തു. 2003 ഓഗസ്റ്റ് മുതൽ 2004 മെയ് വരെയുള്ള 10 മാസത്തെ പെൻഷൻ കുടിശ്ശികയായുണ്ട്.

(സി) നടപ്പു വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവൻ വിനിയോഗിച്ചു കഴിഞ്ഞു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക പെൻഷൻ കൊടുത്തു തീർക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly